പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 101 8.6.2015 ൽ മറുപടിയ്ക്ക്

<u>ജനസമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം</u>

<u>ചോദ്യം</u>
ശ്രീ.സി.പി.മുഹമ്മദ്
" സണ്ണി ജോസഫ്
" വി.പി.സജീന്ദ്രൻ
" പി.സി.വിഷ്ണുനാഥ്

<u>മറുപടി</u>
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; | എ) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചിട്ടുണ്ട്. |
| ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ;<br><br>സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി തീരുമാനിച്ചതായി അറിയാമോ; എങ്കിൽ വിശദമാക്കുമോ? | ബി) യും (സി) യും<br>ഇ-ഗവേണൻസിലൂടെയും, വെബ്ടെലി കാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പിയുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത ഭരണ രീതി പഠിക്കുവാൻ യു.എൻ.ഡി.പി.ക്കു താത്പര്യമുണ്ടെന്നും അതിനായി കേരളം സന്ദർശിക്കാമെന്നും അവർ അറിയിച്ചിട്ടുണ്ട്. |

Kunhikrishnan
സെക്ഷൻ ഓഫീസർ